സ്ഥാപിതം 1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക

Visit Swathanthra Mandapam Online

www.swathanthramandapam.com

www.swathanthramandapam.com  വാള്യം: 60  ലക്കം: 231  2025 ഡിസംബർ 22 തിങ്കൾ  പേജ്: 2  വില: 1 രൂപ  PHONE: 2384127, 2384558  E-mail: smdaily03@yahoo.co.in

## രാഹുൽ ഈശ്വർ 'വീണ്ടും ജയിലിൽ'; ഒപ്പം മുകേഷും

രാഹുൽ മാങ്കൂട്ടത്തിൽ എംഎൽഎ പ്രതിയായ ലൈംഗികാതിക്രമ കേസിലെ അതിജീവിതയെ അധിക്ഷേപിച്ചെന്ന കേസിൽ ജാമ്യം ലഭിച്ച രാഹുൽ ഈശ്വർ 'വീണ്ടും ജയിലിലേക്ക്'. ജയിൽ നിവാസികൾക്ക് ക്രിസ്മസ് നക്ഷത്രം ഉൾപ്പെടെ 'സമ്മാനങ്ങളു'മായാണ് പൂജപ്പുര സെൻട്രൽ ജയിലിൽ എത്തിയത്. ഒപ്പം വ്ളോഗർ മുകേഷ് എം. നായരുമുണ്ടായിരുന്നു. പക്ഷേ ഇരുവരെയും അധികൃതർ 'സമ്മാനങ്ങൾ' കൈമാറാൻ അനുവദിച്ചില്ല. പിന്നാലെയാണ് ജയിലിന് മുൻപിൽ നിന്ന് ഇരുവരും ചേർന്ന് വിഡിയോ ചിത്രീകരിച്ച് പോസ്റ്റ് ചെയ്തത്. 'രാഹുൽ വീണ്ടും ജയിലിൽ' എന്ന ക്യാപ്ഷനോടെയാണ് വിഡിയോ പങ്കുവച്ചത്.

# റാം നാരായണിന്റെ മൃതദേഹം കുടുംബം ഏറ്റെടുക്കും, പ്രതികളിൽ ഒരാളെയും വെറുതെ വിടില്ലെന്ന് മന്ത്രി

തൃശ്ശൂർ: വാളയാറിൽ അതിഥി തൊഴിലാളി റാംനാരായൺ ഭയ്യാൽ ആൾക്കൂട്ട മർദ്ദനത്തിനിരയായി കൊല്ലപ്പെട്ട സംഭവത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് നിർണ്ണായക ഇടപെടലുകൾ. റവന്യൂ മന്ത്രി കെ. രാജന്റെ നേതൃത്വത്തിൽ നടന്ന ചർച്ചകൾക്കൊടുവിൽ, കൊല്ലപ്പെട്ട റാംനാരായണിന്റെ മൃതദേഹം ഏറ്റുവാങ്ങാൻ കുടുംബാംഗങ്ങളും സമരസമിതിയും തീരുമാനിച്ചു.




തൃശ്ശൂർ കളക്ടറേറ്റിൽ നടന്ന ചർച്ചയിൽ പത്തുലക്ഷം രൂപയിൽ കുറയാത്ത സാമ്പത്തിക സഹായം വേണമെന്ന് സമരസമിതി ആവശ്യപ്പെട്ടിരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പത്തു ലക്ഷം രൂപ അനുവദിക്കുന്ന കാര്യം അടുത്ത ക്യാബിനറ്റ് യോഗത്തിൽ അവതരിപ്പിച്ച് തീരുമാനമെടുക്കുമെന്ന് മന്ത്രി കെ. രാജൻ ഉറപ്പുനൽകി. കൂടാതെ, എസ്.സി/എസ്.ടി അട്രോസിറ്റി ആക്ട് പ്രകാരമുള്ള കൂടുതൽ ആനുകൂല്യങ്ങളും കുടുംബത്തിന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി.

ഈ കൊലപാതകത്തിന് പിന്നിൽ പ്രവർത്തിച്ച ഒരാളെപ്പോലും വെറുതെ വിടില്ലെന്നും പഴുതടച്ച അന്വേഷണം നടത്തുമെന്നും മന്ത്രി ഉറപ്പുനൽകി. ഇതിനായി ജില്ലാ പോലീസ് മേധാവിയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഒരു പ്രത്യേക അന്വേഷണസംഘം കേസ് അന്വേഷിക്കും. കുറ്റക്കാർക്ക് അർഹമായ ശിക്ഷ ഉറപ്പാക്കുന്ന തലത്തിലുള്ള നീക്കങ്ങളായിരിക്കും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയെന്നും അദ്ദേഹം വ്യക്തമാക്കി.

കഴിഞ്ഞ കുറച്ചുദിവസങ്ങളായി രേഖാമൂലമുള്ള ഉറപ്പിനായി മൃതദേഹം ഏറ്റുവാങ്ങാതെ കുടുംബാംഗങ്ങൾ മോർച്ചറിക്ക് മുന്നിൽ പ്രതിഷേധത്തിലായിരുന്നു. സർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂല നടപടികൾ ഉണ്ടായ സാഹചര്യത്തിലാണ് പ്രതിഷേധം അവസാനിപ്പിച്ചത്. റാംനാരായണിന്റെ മൃതദേഹം വിമാനത്തിൽ ഛത്തീസ്ഗഡിലേക്ക് കൊണ്ടുപോകും. ഇതിനായുള്ള മുഴുവൻ ചെലവും സംസ്ഥാന സർക്കാർ വഹിക്കുമെന്നും നടപടികൾ സ്വീകരിക്കുമെന്നും അധികൃതർ അറിയിച്ചു.

## ഇലക്ടറൽ ബോണ്ട് റദ്ദാക്കിയിട്ടും ബിജെപിയിലേക്ക് പണമൊഴുകുന്നു

ന്യൂഡൽഹി: സുപ്രീം കോടതി ഇലക്ടറൽ ബോണ്ട് പദ്ധതി റദ്ദാക്കിയിട്ടും ബിജെപിക്ക് വാരിക്കോരി പണമയച്ച് കോർപ്പറേറ്റുകൾ. 2024–25 സാമ്പത്തിക വർഷത്തിൽ പാർട്ടിയുടെ സംഭാവനകൾ 50 ശതമാനത്തിലധികം വർധിച്ച് 6,088 കോടി രൂപയിലെത്തി. മുൻവർഷം (2023-24) ലഭിച്ച 3,965 കോടി രൂപയേക്കാൾ ഏകദേശം 53 ശതമാനം വർധനവാണ് ഈ കാലയളവിൽ ഉണ്ടായത്. ലോകസഭാ തിരഞ്ഞെടുപ്പ് നടന്ന 2024–25 വർഷത്തിൽ ബിജെപിക്ക് ലഭിച്ച തുക മറ്റ് പ്രധാന രാഷ്ട്രീയ പാർട്ടികളേക്കാൾ ബഹുദൂരം മുന്നിലാണ്. പ്രധാന പ്രതിപക്ഷ പാർട്ടിയായ കോൺഗ്രസിന് ഈ വർഷം ലഭിച്ച 522.13 കോടി രൂപയേക്കാൾ 12 മടങ്ങ് അധികമാണ് ബിജെപിയുടെ സമ്പാദ്യം. കോൺഗ്രസ് ഉൾപ്പെടെയുള്ള 12 പ്രതിപക്ഷ പാർട്ടികൾക്ക് ആകെ ലഭിച്ചത് 1,343 കോടി രൂപയാണ്. ഇതിന്റെ 4.5 മടങ്ങാണ് ബിജെപിക്ക് ഒറ്റയ്ക്ക് ലഭിച്ച സംഭാവന. ബിജെപിക്ക് ലഭിച്ച മൊത്തം സംഭാവനയുടെ 61 ശതമാനവും (3,744 കോടി രൂപ) ഇലക്ടറൽ ട്രസ്റ്റുകൾ വഴിയാണ് എത്തിയത്. ബാക്കി 2,344 കോടി രൂപ വ്യക്തികളും വിവിധ കോർപ്പറേറ്റുകളും നൽകിയ സംഭാവനകളാണ്.

# ടി.പി. വധക്കേസ് പ്രതികൾക്ക് വീണ്ടും പരോൾ;

തിരു: ടി.പി. ചന്ദ്രശേഖരൻ വധക്കേസ് പ്രതികൾക്ക് വീണ്ടും പരോൾ അനുവദിച്ചു. ടി.പി വധക്കേസിലെ മുഖ്യപ്രതികളായ മുഹമ്മദ് ഷാഫി, ഷിനോജ് എന്നിവർക്കാണ് പരോൾ ലഭിച്ചത്. 15 ദിവസത്തേക്ക് പരോൾ അനുവദിച്ചിരിക്കുന്നത്.

മറ്റൊരു പ്രതിയായ ടി.കെ. രജീഷിന് കഴിഞ്ഞ ദിവസം 20 ദിവസത്തെ പരോൾ അനുവദിച്ചിരുന്നു. ജനുവരി 10 വരെയാണ് പരോൾ അവസാനിക്കുക. അടുത്ത ബന്ധുക്കളുടെ ആരോഗ്യപ്രശ്നം ചൂണ്ടിക്കാട്ടിയാണ് രജീഷ് പരോളിന് അപേക്ഷ നൽകിയത്. കേസിലെ നാലാംപ്രതിയാണ് രജീഷ്.

മൂന്നുമാസത്തിനിടെ ഇത് രണ്ടാംതവണയാണ് ടി.പി കേസിലെ പ്രതികൾക്ക് പരോൾ ലഭിക്കുന്നത്. അതേസമയം, തടവുകാർക്ക് ലഭിക്കുന്ന സ്വാഭാവിക പരോൾ മാത്രമാണ് ഇതെന്നാണ് ജയിൽ അധികൃതരുടെ വിശദീകരണം. ടി.പി കേസ് പ്രതികൾക്ക് അനർഹമായി പരോൾ അനുവദിക്കുന്നതായി ആരോപണമുയർന്നിരുന്നു. കൊടി സുനി ഉൾപ്പെടെയുള്ള പ്രതികൾക്ക് വഴിവിട്ട രീതിയിൽ പരോൾ അനുവദിക്കാൻ ജയിൽ ഡി.ഐ.ജി വിനോദ് കുമാർ കൈക്കൂലി വാങ്ങിയതായി വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

ടി.പി. വധക്കേസിലെ മറ്റ് പ്രതികളായ കൊടി സുനിയും മറ്റും പൊലീസ് ഒത്താശയിൽ മദ്യപിക്കുന്ന ദൃശ്യങ്ങൾ പുറത്തുവന്നത് വിവാദമായിരുന്നു. ഇവരെ മറ്റൊരു കേസിൽ തലശ്ശേരി അഡീഷനൽ സെഷൻസ് കോടതിയിലെത്തിച്ച ശേഷം കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മടങ്ങുമ്പോഴാണ് സംഭവം. തലശ്ശേരിയിലെ ബാറിന് മുന്നിലാണ് മൂന്ന് പ്രതികൾ പൊലീസ് സാന്നിധ്യം പോലുമില്ലാതെ മദ്യപിച്ചത

# 'പ്രിയങ്കയ്ക്ക് ഉളുപ്പുണ്ടായിരുന്നെങ്കിൽ സ്പീക്കറുടെ സൽക്കാരത്തിൽ പങ്കെടുക്കില്ലായിരുന്നു': ബ്രിട്ടാസ്

ന്യൂഡൽഹി: സ്പീക്കർ സംഘടിപ്പിച്ച ചായസൽക്കാരത്തിൽ പ്രിയങ്ക ഗാന്ധി പങ്കെടുത്തതിനെതിരെ രൂക്ഷമായ വിമർശനവുമായി രാജ്യസഭാ എംപി ജോൺ ബ്രിട്ടാസ്. പ്രിയങ്കക്ക് രാഷ്ട്രീയമായ ഉളുപ്പുണ്ടായിരുന്നെങ്കിൽ ഈ സൽക്കാരത്തിൽ പങ്കെടുക്കില്ലായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ ജനാധിപത്യ ചരിത്രത്തിലെ ഏറ്റവും ദൗർഭാഗ്യകരമായ അധ്യായം എന്നാണ് ഈ സംഭവത്തെ ബ്രിട്ടാസ് വിശേഷിപ്പിച്ചത്.

രാജ്യത്തെ പാവപ്പെട്ട ജനങ്ങളോട് യുദ്ധപ്രഖ്യാപനം നടത്തി മണിക്കൂറുകൾ കഴിയുന്നതിന് മുൻപ് ഇത്തരമൊരു സൽക്കാരത്തിൽ പങ്കെടുക്കാൻ 'അസാമാന്യ രാഷ്ട്രീയ ഉളുപ്പ്' വേണമെന്ന് അദ്ദേഹം പരിഹസിച്ചു. ഇവർ അവിടെ പോയത് ഉദകക്രിയ ചെയ്യാനാണോ? എന്ന ചോദ്യമാണ് തന്റെ മനസ്സിൽ വരുന്നതെന്നും അദ്ദേഹം പറഞ്ഞു.

സൽക്കാരത്തിൽ പങ്കെടുത്ത കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തലയെയും ബ്രിട്ടാസ് വിമർശിച്ചു. ചെന്നിത്തലയെ കാണുമ്പോൾ ഷേക്സ്പിയർ നാടകങ്ങളിലെ ദുരന്ത കഥാപാത്രങ്ങളെയാണ് തനിക്ക് ഓർമ്മ വരുന്നതെന്ന് അദ്ദേഹം പരിഹസിച്ചു. അദ്ദേഹത്തോട് തനിക്ക് വലിയ ബഹുമാനവും ആദരവുമുണ്ടായിരുന്നെങ്കിലും ഇപ്പോഴത്തെ കാഴ്ച ദുഃഖകരമാണെന്നും ബ്രിട്ടാസ് കൂട്ടിച്ചേർത്തു.

## സ്കൂട്ടറിന് പിന്നിൽ ടോറസ് ലോറി ഇടിച്ചു; അമ്മയും കുഞ്ഞും മരിച്ചു

പാലക്കാട്: ലക്കിടിയിൽ സ്കൂട്ടറിന് പിന്നിൽ ടോറസ് ലോറി ഇടിച്ച് യുവതിയും മൂന്നു വയസ്സുകാരി മകളും മരിച്ചു. തിരുവില്വാമല കണിയാർകോട് മാണിയങ്ങാട്ട് കോളനിയിലെ ശരണ്യ (29), മകൾ ആദിശ്രീ (3) എന്നിവരാണ് മരിച്ചത്.

ഇന്ന് രാവിലെ 8മണിയോടെ ലക്കിടി കുഞ്ചൻ സ്മാരക വായനശാലയ്ക്ക് സമീപമായിരുന്നു അപകടം. ശരണ്യയുടെ ചെറിയച്ഛൻ മോഹൻദാസ് ഓടിച്ചിരുന്ന സ്കൂട്ടറിനുപിന്നിൽ ടോറസ് ലോറി ഇടിക്കുകയായിരുന്നു.

ഇടിയെത്തുടർന്ന് റോഡിലേക്ക് തെറിച്ചുവീണ ശരണ്യയുടെയും ആദിശ്രീയുടെയും തലയിലൂടെ ലോറിയുടെ ചക്രം കയറി ഇറങ്ങിയതായാണ് ദൃക്സാക്ഷികൾ നൽകുന്ന വിവരം. അപകടത്തിൽ പരിക്കേറ്റ മോഹൻദാസിനെ ഉടൻ തന്നെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

# പാലക്കാട് ആൾക്കൂട്ട കൊലപാതകം: ഭയ്യാൽ വർഗീയ വംശീയ വിഷത്തിന്റെ ഇര: എം.ബി. രാജേഷ്

പാലക്കാട്: പാലക്കാട് കഞ്ചിക്കോട് അതിഥി തൊഴിലാളിയായ രാംനാരായൺ ഭയ്യാൽ ആൾക്കൂട്ട വിചാരണയ്ക്കിരയായി കൊല്ലപ്പെട്ട സംഭവത്തിന് പിന്നിൽ സംഘപരിവാറിന്റെ വിദ്വേഷ രാഷ്ട്രീയമാണെന്ന് മന്ത്രി എം.ബി. രാജേഷ്.



ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കണ്ടുവരുന്ന ആൾക്കൂട്ടക്കൊലകൾക്ക് സമാനമായ രീതിയിൽ, കേരളത്തിലും ഇതര സംസ്ഥാന തൊഴിലാളികളെ 'ബംഗ്ലാദേശികൾ' എന്ന് വിളിച്ച് ശത്രുക്കളായി ചിത്രീകരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇത്തരത്തിൽ മുദ്രകുത്തുന്നത് വഴിയുണ്ടാകുന്ന വർഗീയ-വംശീയ വിഷത്തിന്റെ ഇരയാണ് കൊല്ലപ്പെട്ട രാംനാരായൺ ഭയ്യാൽ.

ഈ കേസിൽ നിലവിൽ അഞ്ചുപേരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. അറസ്റ്റിലായ പ്രതികൾ നേരത്തെ രണ്ട് സിപിഎം പ്രവർത്തകരെ വീടുകയറി വെട്ടിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ പ്രതികളാണെന്ന നിർണ്ണായക വിവരവും പുറത്തുവന്നിട്ടുണ്ട്. പ്രതികളുടെ ഈ രാഷ്ട്രീയ-ക്രിമിനൽ പശ്ചാത്തലം മറച്ചുവെച്ച് വെറുമൊരു ആൾക്കൂട്ടക്കൊലയായി മാത്രം മാധ്യമങ്ങൾ ഈ സംഭവത്തെ റിപ്പോർട്ട് ചെയ്യുന്നത് നിർഭാഗ്യകരമാണെന്നും മന്ത്രി പറഞ്ഞു.

കേസിന്റെ ഗൗരവം കണക്കിലെടുത്ത് ക്രൈം ബ്രാഞ്ച് അന്വേഷണം ഏറ്റെടുത്തിട്ടുണ്ട്. പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാൻ പഴുതടച്ച നടപടികൾ ഉണ്ടാകുമെന്നും സർക്കാർ കൊല്ലപ്പെട്ട യുവാവിന്റെ കുടുംബത്തോടൊപ്പമാണെന്നും അദ്ദേഹം വ്യക്തമാക്കി. രാഷ്ട്രീയ വിദ്വേഷത്തിന്റെ പേരിൽ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പാലക്കാട് ആൾക്കൂട്ട കൊലപാതകത്തിന് പിന്നിൽ ആർഎസ്എസ് ക്രിമിനലുകളാണെന്ന് സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദനും ആരോപിച്ചു. കൊടും ക്രൂരതകൾ ചെയ്യാൻ മടിയില്ലാത്ത ഒരുകൂട്ടം ആർഎസ്എസ് ക്രിമിനലുകളാണ് ഭയ്യാലിനെ ആക്രമിച്ചത്. ജനാധിപത്യ മതനിരപേക്ഷ ഉള്ളടക്കമുള്ള സമൂഹത്തിന് യോജിച്ചതല്ല ഇതൊന്നും. ഇത് കേരളത്തിൽ അനുവദിക്കാൻ സാധിക്കില്ലെന്നും കേരളം ഇതിനെതിരെ ഒന്നിച്ച് നിൽക്കണമെന്നും അദ്ദേഹം പറഞ്ഞു.

## ട്രെയിൻ തട്ടി മരിച്ചു

ചെങ്ങമനാട്: നെടുവന്നൂർ റെയിൽവേ ഗേറ്റിന് സമീപം ട്രെയിൻ തട്ടി യുവാവ് മരിച്ചു. ചെങ്ങമനാട് പുതുവാശ്ശേരി കുന്നുമ്മേൽ വീട്ടിൽ പരേതനായ ഡ്രൈവർ ചെല്ലപ്പന്റ മകൻ ബിജു (49) ആണ് മരിച്ചത്. അവിവാഹിതനാണ്. മൃതദേഹം കളമശ്ശേരി മെഡിക്കൽ കോളജ് ആശുപത്രി മോർച്ചറിയിൽ.

## പറന്നുയർന്നതിന് പിന്നാലെ എൻജിൻ തകരാർ, എയർ ഇന്ത്യ വിമാനത്തിന് അടിയന്തര ലാൻഡിങ്

ന്യൂഡൽഹി: ഡൽഹിയിൽ നിന്ന് മുംബൈയിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ വിമാനം സാങ്കേതിക തകരാറിനെത്തുടർന്ന് അടിയന്തരമായി തിരിച്ചിറക്കി. വിമാനം പറന്നുയർന്ന ഉടൻ തന്നെ വലതുവശത്തെ എൻജിനിലെ ഓയിൽ മർദം (Oil Pressure) പെട്ടെന്ന് കുറഞ്ഞതിനെത്തുടർന്നാണ് വിമാനം ഡൽഹിയിലെ ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിലേക്ക് തന്നെ തിരിച്ചിറക്കിയത്.

പുലർച്ചെ 3:20-നാണ് ബോയിംഗ് 777-337 ഇആർ വിമാനം ടേക്ക് ഓഫ് ചെയതത്. പറന്നുയർന്നതിന് പിന്നാലെ രണ്ടാമത്തെ എൻജിനിലെ ഓയിൽ മർദത്തിൽ അസ്വാഭാവികമായ കുറവ് പൈലറ്റുമാരുടെ ശ്രദ്ധയിൽപ്പെട്ടു.

താമസിയാതെ ഇത് പൂജ്യത്തിലേക്ക് താഴ്ന്നതോടെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് വിമാനം തിരിച്ചിറക്കുകയായിരുന്നു. വിമാനത്തിലുണ്ടായിരുന്ന എല്ലാ യാത്രക്കാരും ജീവനക്കാരും സുരക്ഷിതരാണെന്നും ആർക്കും പരിക്കുകളില്ലെന്നും എയർ ഇന്ത്യ വക്താവ് അറിയിച്ചു. വിമാനത്തിന്റെ എൻജിൻ ഘടകങ്ങൾ തണുപ്പിക്കാനും സുഗമമായി പ്രവർത്തിപ്പിക്കാനും ഓയിൽ അത്യാവശ്യമായതിനാൽ, മർദം പൂജ്യമാകുന്നത് എൻജിൻ പരാജയപ്പെടാനോ തീപിടിക്കാനോ ഉള്ള സാധ്യതയുണ്ട്. അതിനാലാണ് വിമാനം അടിയന്തരമായി തിരിച്ചിറക്കിയത്.

സംഭവത്തെത്തുടർന്ന് സിവിൽ വ്യോമയാന മന്ത്രാലയം എയർ ഇന്ത്യയോട് വിശദമായ റിപ്പോർട്ട് തേടിയിട്ടുണ്ട്. ഇതിനു പുറമെ, ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷനോട് (DGCA) അന്വേഷണം നടത്താനും മന്ത്രാലയം നിർദ്ദേശിച്ചു. നിലവിൽ വിമാനം വിശദമായ സാങ്കേതിക പരിശോധനകൾക്ക് വിധേയമാക്കുകയാണെന്നും സുരക്ഷാ ക്ലിയറൻസ് ലഭിച്ചതിന് ശേഷം മാത്രമേ ഇനി സർവീസിന് ഉപയോഗിക്കൂ എന്നും അധികൃതർ വ്യക്തമാക്കി. യാത്രക്കാർക്ക് മുംബൈയിലേക്ക് പോകാൻ പകരം സംവിധാനങ്ങൾ ഏർപ്പെടുത്തിയതായും എയർ ഇന്ത്യ അറിയിച്ചു.

## നിര്യാതയായി രാധമ്മ



തൃശൂർ: പൂത്തോൾ പരേതനായ കൊച്ചുണ്ണി മേനോന്റെ (റിട്ട. റെയിൽവേ ഉദ്യോഗസ്ഥൻ) ഭാര്യ തിയ്യാടി രാധമ്മ (92) നിര്യാതയായി. സംസ്കാരം ഇന്ന് ഉച്ചക്ക് പാറമേക്കാവ് ശാന്തിഘട്ടിൽ നടന്നു. മക്കൾ: ശശീന്ദ്രൻ, അംബിക, രവീന്ദ്രൻ, ശൈലജ, സതീശൻ. മരുമക്കൾ: പ്രസന്ന, നാരായണൻ, സതി, കൊച്ചപ്പൻ, ചിത്ര.






RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4



# സൂര്യഭാരതി ഗ്രൂപ്പിന്റെ അടുത്ത ചുവടുവയ്പ്പ് ആരോഗ്യമേഖലയിൽ: മനോജ് കുമാർ കെ.പി



എൻ ഐ ടി സി, എം എഫ് ടി സി വാർഷിക പൊതുയോഗം കുട്ടനെല്ലൂർ ചാക്കോളാസ് പവലിയൻ കൺവെൻഷൻ സെന്ററിൽ ചെയർമാൻ രവിന്ദ്രൻ പാലങ്ങാട്ട്, മാനേജിംഗ് ഡയറക്ടർ കെ പി മനോജ് കുമാർ എന്നിവർ ഭദ്ര ദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു

തൃശൂർ: സൂര്യഭാരതി ഗ്രൂപ്പിന്റെ അടുത്ത ചുവടുവയ്പ്പ് ആരോഗ്യമേഖലയിലാണെന്ന് സൂര്യഭാരതി ഗ്രൂപ്പ് ചെയർമാൻ കെ.പി മനോജ്കുമാർ. എൻ.ഐ.ടി.സി- എം.എഫ്.ടി.സി വാർഷിക സംഗമത്തിൽ പുതുതായി ആരംഭിക്കുന്ന ആശുപത്രി പ്രഖ്യാപനം നടത്തിയത്. ഇതിനോടകം കോളങ്ങാട്ടുക്കരയിൽ ആരോഗ്യരംഗത്തെ ആദ്യ ചുവടെന്ന നിലയിൽ സൂര്യഭാരതി മെഡിക്കൽസ് എന്ന പേരിൽ മെഡിക്കൽ ഷോപ്പ് ആരംഭിച്ചിട്ടുണ്ട്. ഡോക്ടറുടെ സൗജന്യ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. തൃശൂർ കേന്ദ്രീകരിച്ചു ഒരു ഏക്കറിൽ ഒരു ലക്ഷം ച.അടിയിലാണ് ആശുപത്രി നിർമിക്കുകയെന്ന് മനോജ്കുമാർ പറഞ്ഞു. ക്യാൻസർ, ഡയാലിസിസ്, ഹൃദ്രോഗം എന്നീ വിഭങ്ങളിൽ പ്രത്യേക ചികിത്സ ഉറപ്പാക്കുകയാണ് ലക്ഷ്യം. ആരോഗ്യമേഖലയിലേക്കുള്ള സംഭാവനായി ആംബുലൻസിന്റെ താക്കോൽദാനവും എസ്.ബി.എം മോട്ടോഴ്സിന്റെ കീഴിലുള്ള രണ്ട് ടൂറിസ്റ്റ് ബസുകളുടെ താക്കോൽദാനവും സിനിമാ താരങ്ങളായ കലാഭവൻ ഷാജോൺ, ഷൈൻ ടോം, ഗായത്രി സുരേഷ്, വിൻസി അലോഷ്യസ് എന്നിവർ ചേർന്ന് എൻ.ഐ.ടി.സി-എം.എഫ്. ടി.സി ഡയറക്ടേഴ്സിന് നൽകി നിർവഹിച്ചു. പുതുവർഷത്തിന് മുന്നോടിയായി സൂര്യഭാരതി ഗ്രൂപ്പ് ഓഫ് കമ്പനീസ് എം.ഡി മനോജ് കുമാർ കെ.പി. കലണ്ടറിന്റെയും ഡയറിയുടെയും പ്രകാശനം യു.എസ്.എ കൗൺസിൽ മെമ്പർ പി.ജി. നാരായണന് കൈമാറി നിർവഹിച്ചു. പുതുവർഷത്തിൽ സംസ്ഥാത്തെ 14 ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കുന്ന ഒരു വീട് നിർമിച്ചു നൽകുമെന്നും അദ്ദേഹം പറഞ്ഞു. കെ.പി. മനോജ് കുമാറും എൻ.ഐ.ടി.സി ചെയർമാൻ രവീന്ദ്രൻ പാലങ്ങാട്ടും ചേർന്ന് ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്തു. സിനിമ താരങ്ങളായ ഷൈൻ ടോ ചാക്കോ, കലാഭവൻ ഷാജോൺ, ഗായത്രി സുരേഷ്, വിൻസി അലോഷ്യസ്, യു.എസ്.എ കൗൺസിലർ മെമ്പർ പി.ജി നാരായണൻ എന്നിവർ മുഖ്യാഥിതികളായിരുന്നു. ഗജനാച്ചുറൽ പാർക്ക് എം.ഡി ശശികുമാർ, നവീൻ എസ്. നായർ(എൻ. ബി.എഫ്.സി), തനിനിറം ചീഫ് എഡിറ്റർ എസ്.ബി മധു, ആർ.ജയചന്ദ്രൻ, ടി.ജെ. കെ.സി പ്രസിഡന്റ് ബാലൻ കണിമംഗലത്ത്, ഹാപ്പിദിൻ ഡയറക്ടർ അനുരാഗ്, എൻ.ഐ.ടി. സി, എം.എഫ്.ടി.സി വിവിധ വകുപ്പ് മേധാവികളായ വിദ്യാസഗർ, കെ.വി. മധു, സന്തോഷ് കുമാർ, ഉണ്ണികൃഷ്ണൻ, ജയകുമർ, ചിന്തു സതീശൻ, സൂര്യഭാരതി ഫൗണ്ടേഷൻ ഡയറക്ടർ കേശവദാസ്, സ്വർണമുഖി ഗോൾഡ് ആൻഡ് ഡയമണ്ട്സ് ഡയറക്ടർ സജീവ്, എം.കെ ബ്രെൻഡ് ഡയറക്ടർ നാസർ, തനിനിറം മീഡിയ ചീഫ് താര അതിയേടത്ത് തുടങ്ങിയവർ പങ്കെടുത്തു.

## ജാതിമാറി വിവാഹം, കർണാടകയിൽ ഗർഭിണിയായ പെൺകുട്ടിയെ അച്ഛനും സഹോദരനും ചേർന്ന് വെട്ടിക്കൊന്നു



ബെംഗളൂരു: കർണാടകയിലെ ഹുബ്ബള്ളിയിൽ ദുരഭിമാന ക്കൊല. ഗർഭിണിയായ 19തുകാരിയെ അച്ഛനും ബന്ധുക്കളും ചേർന്ന് വെട്ടിക്കൊന്നു. കൊല്ലപ്പെട്ട മാന്യത പാട്ടീൽ എന്ന പെൺകുട്ടി 3മാസം ഗർഭിണിയായിരുന്നു.

ഇതര ജാതിയിൽപ്പെട്ട യുവാവിനെ വിവാഹം ചെയ്തതാണ് കൊലപാതകത്തിന് കാരണം. വിവാഹശേഷം ഹുബ്ബള്ളിയിൽ നിന്ന് ഹാവേരി എന്ന സ്ഥലത്തേക്ക് പെൺകുട്ടിയും ഭർത്താവും താമസം മാറ്റിയിരുന്നു. ജന്മനാടായ ഹുബ്ബള്ളിയിലേക്ക് ഇവർ തിരിച്ചെത്തിയപ്പോഴായിരുന്നു അച്ഛനും സഹോദരനുമുൾപ്പെടെയുള്ള ബന്ധുക്കൾ ചേർന്ന് ഇവരെ ആക്രമിച്ചത്. പെൺകുട്ടിയുടെ ഭർത്താവ് വിവേകാനന്ദയേയും യുവാവിന്റെ മാതാപിതാക്കളേയും ഇവരുടെ വീട്ടിലെത്തി ക്രൂരമായി ആക്രമിക്കുകയും പെൺകുട്ടിയെ വെട്ടിക്കൊലപ്പെടുത്തുകയുമായിരുന്നു. ഇതിനുപിന്നാലെ പോലീസ് പ്രതികളെ കസ്റ്റഡിയിലെടുത്തു.

## എം. ഇ.എസ് പബ്ലിക് സ്കൂളിലെ വാർഷികാഘോഷം 'സെലസ്റ്റിയ 2025' നിറ സാന്നിധ്യമായി എൻ. പ്രശാന്ത് ഐ. എ. എസ്.



പടിഞ്ഞാറേ വെമ്പല്ലൂർ: എം ഇ എസ് പബ്ലിക് സ്കൂളിലെ വാർഷികാഘോഷം 'സെലസ്റ്റിയ 2025' വിവിധ പരിപാടികളോടെ നടന്നു. സ്കൂൾ ചെയർമാൻ അഡ്വക്കേറ്റ് സക്കീർ ഹുസൈൻ കെ. കെ അധ്യക്ഷതവഹിച്ചു. വാർഷികാഘോഷം എൻ. പ്രശാന്ത് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു.

തുടർന്ന് അദ്ദേഹം വിദ്യാർത്ഥികൾക്ക് മോട്ടിവേഷൻ ക്ലാസ് നൽകി.വിദ്യാർത്ഥികളുടെ ഭാവി ഭദ്രമാക്കാനുള്ള നിർദ്ദേശങ്ങൾ അദ്ദേഹം തന്റെ ജീവിതാനുഭവങ്ങൾ പങ്കുവെച്ച് കൊണ്ട് നൽകി. എംഇഎസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ കെ കുഞ്ഞു മൊയ്തീൻ മുഖ്യാതിഥി ആയിരുന്നു. സ്കൂൾ സെക്രട്ടറി & കറസ്പോണ്ടന്റ് പി.ഐ അബ്ദുല്ല ബാബു സ്വാഗതവും സ്കൂൾ ട്രഷറർ പി. എച്ച് സിയാവുദ്ധീൻ നന്ദിയും രേഖപ്പെടുത്തി. എം ഇ. എസ് തൃശ്ശൂർ ജില്ലാ പ്രസിഡന്റ് പി.കെ മുഹമ്മദ് ഷമീർ മുഖ്യപ്രഭാഷണം നടത്തി. എംഇഎസ് തൃശ്ശൂർ ജില്ലാ സെക്രട്ടറി കെ.എം അബ്ദുൽ ജമാൽ വാർഷികാഘോഷ സന്ദേശം നൽകി. പ്രിൻസിപ്പൽ ഷിബി അബൂബക്കർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. എംഇഎസ് സംസ്ഥാന കമ്മിറ്റി അംഗവും എംഇഎസ് അസ്മാബി കോളേജ് ചെയർമാനുമായ അഡ്വക്കേറ്റ് കെ എം മുഹമ്മദ് നവാസ്, എം.ഇ.എസ് അസ്മാബി കോളേജ് സെക്രട്ടറി വി എം ഷൈൻ, എം. ഇ. എസ് കൊടുങ്ങല്ലൂർ താലൂക്ക് പ്രസിഡന്റ് ഇഖ്ബാൽ പുത്തൻ ചാലിൽ, എംഇഎസ് സംസ്ഥാന യൂത്ത് വിങ് ട്രഷറർ ഷാഹിം ഷാഹുൽ, എംഇഎസ് യൂത്ത് വിംഗ് തൃശൂർ ജില്ലാ പ്രസിഡന്റ് നസീർ കാതിയാളം, പിടിഎ പ്രസിഡന്റ് ഷെഫീഖ്. കെ.ബി, സ്കൂൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സലിം എം. എ എന്നിവർ ആശംസകൾ അർപ്പിച്ചു.

## ക്രിസ്തുമസ്സിനോടനുബന്ധിച്ചുള്ള നുഹ്റ വചന പ്രഘോഷണം സമാപിച്ചു



പറവട്ടാനി:മറ്റുള്ളവർക്ക് വേണ്ടി നോമ്പരാപെടാനും സേവനമനസും തോറ്റുകൊടുക്കുവാനുമുള്ള മനസാണ് സ്നേഹമെന്ന് റവ.ഡോ. റോയ് ജോസഫ് വടക്കൻ പറഞ്ഞു. ക്രിസ്തുമസ്സിനോടനുബന്ധിച്ച് മാർ അദ്ദായ് ശ്ലീഹാ പള്ളി മെൻസ് അസോസ്സിയേഷൻ രണ്ടു ദിവസങ്ങളിലായിനടത്തിയ നുഹ്റ - 2025 വചന പ്രഘോഷണത്തിൽ ഏറവ് സെന്റ് തെരേസാസ് കപ്പൽ പള്ളി വികാരി റവ.ഡോ. റോയ് ജോസഫ് വടക്കൻ വചന പ്രഘോഷണത്തിൽ സംസാരിക്കുകയായിരുന്നു.

റവ.റൂണോ വർഗീസ്, റവ.തിമൊഥെയോസ് ജോയ്, സാബു.ഇ.പി, എന്നിവർ നേതൃത്വം നൽകി. ഇടവക ക്വയർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി.

## തൊഴിലുറപ്പ് തൊഴിൽ തന്നെ ഇല്ലാതാക്കുന്ന കേന്ദ്രസർക്കാർ നടപടി പിൻവലിക്കുക: അഡ്വക്കറ്റ് ജോസഫ് ടാജറ്റ്

മഹാത്മാഗാന്ധിയുടെ നാമധേയത്തിൽ യുപിഎ സർക്കാർ രാജ്യത്തെ തൊഴിലാളികൾക്ക് മിനിമം തൊഴിൽ ഗ്യാരണ്ടി നൽകി വന്നിരുന്ന തൊഴിലുറപ്പ് പദ്ധതി മഹാത്മാ ഗാന്ധിയുടെ പേര് മാറ്റിക്കൊണ്ട്, തൊഴിൽ അട്ടിമറിക്കുന്ന കേന്ദ്രസർക്കാർ നടപടിക്കെതിരെ രാജ്യമെങ്ങും വലിയ പ്രക്ഷോഭ പരിപാടികൾ അനിവാര്യമാണെന്ന് അഡ്വക്കേറ്റ് ജോസഫ് ടാജറ്റ്. ഏറ്റവും താഴെത്തട്ടിലുള്ള ജനങ്ങളുടെ ആശ്രയമായ തൊഴിലുറപ്പ് പദ്ധതി ഇല്ലാതാക്കുന്ന നടപടിക്കാണ് കേന്ദ്രം നിയമം കൊണ്ടുവന്നതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. ഐഎൻടിയുസി തൃശ്ശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ തൃശ്ശൂർ പട്ടാളം റോഡിലുള്ള പോസ്റ്റ് ഓഫീസിന് മുൻവശത്ത് നടന്ന കൂട്ടധർണ്ണ ഉദ്ഘാടനം ചെയ്യുകയായിരുന്നു ഡിസിസി പ്രസിഡന്റ് കൂടിയായ അദ്ദേഹം.

ഐഎൻടിയുസി തൃശ്ശൂർ ജില്ലാ പ്രസിഡന്റ് സുന്ദരൻ കുന്നത്തുള്ളി അധ്യക്ഷത വഹിച്ച യോഗത്തിൽ, ജനറൽ സെക്രട്ടറി വി എ ഷംസുദ്ദീൻ, ടി എം കൃഷ്ണൻ,എ ടി ജോസ്, കെ എൻ നാരായണൻ, ജോൺസൻ ആവോക്കാരൻ,ജോളി മേരി,സുമന ജോഷി, എം ആർ രവീന്ദ്രൻ, തുടങ്ങിയവർ സംസാരിച്ചു.

## കേരള യാത്ര തൃശൂർ ജില്ലാ തല സ്വീകരണം; സ്വാഗത സംഘം ഓഫിസ് തുറന്നു





തൃശൂർ:'മനുഷ്യർക്കൊപ്പം' എന്ന ശീർഷകത്തിൽ ജനുവരി ഒന്നു മുതൽ 17 വരെ കേരള മുസ് ലിം ജമാഅത്ത് സംഘടിപ്പിക്കുന്ന കേരള യാത്രയുടെ തൃശൂർ ജില്ലാ തല സ്വികരണം ജനു 10ന് ചാവക്കാട് പറവണ്ണ മുഹിയിദ്ധീൻ മുസ്ലിയാർ നഗറിൽ നടക്കും. സമ്മേളന സ്വാഗത സംഘം ഓഫിസ്. ചാവക്കാട് ബസ് സ്റ്റാൻഡിന് സമിപം എൻ കെ അക്ബർ എം എൽ എ ഉദ്ഘാടനം ചെയ്തു. സമ്മേളനം സയ്യിദ് ഫസൽ തങ്ങൾ ഉദ്ഘാടനം ചെയ്തു. വി സി ഉമ്മർ ഹാജി അധ്യക്ഷത വഹിച്ചു. എം എസ് മുഹമ്മദ്, സി വി മുസ്തഫ സഖാഫി, അബ്ദുൽ ഗഫൂർ, ആർ വി എം ബഷീർ മുസ്ലിയാർ, സയ്യിദ് തഖിയുദ്ദിൻ തങ്ങൾ, സയ്യിദ് ഹൈദ്രോസ് തങ്ങൾ, ബശീർ അശ്റഫി, കൗൺസിലർ എ എച്ച് അക്ബർ പ്രസംഗിച്ചു.

## ജമ്മുവിൽ അതീവ ജാഗ്രത; NIA ആസ്ഥാനത്തിന് സമീപം റൈഫിൾ ടെലസ്കോപ്പ് കണ്ടെത്തി

ജമ്മു: ജമ്മുവിൽ എൻഐഎ ആസ്ഥാനത്തിന് സമീപം റൈഫിൾ ടെലസ്കോപ്പ് കണ്ടെത്തി. ചൈനീസ് നിർമിതമായ റൈഫിൾ ടെലസ്കോപ്പാണ് കണ്ടെത്തിയത്. ഞായറാഴ്ചയാണ് സംഭവം. റൈഫിൾ ടെലസ്കോപ്പ് കണ്ടെത്തിയതിന് പിന്നാലെ ജമ്മു അതീവ ജാഗ്രതയിലാണ്.

ചൈനീസ് അടയാളങ്ങളുള്ളതും സ്നൈപ്പർ, അസ്സോൾട്ട് റൈഫിളുകളുമായി ഘടിപ്പിക്കാൻ ഉപയോഗിക്കുന്നതുമായ ടെലിസ്കോപ്പാണ് കണ്ടെത്തിയത്. എൻഐഎ ഓഫീസിനും ജമ്മു കശ്മീർ പോലീസിന്റെ സുരക്ഷാ ആസ്ഥാനത്തിനും സമീപത്തുള്ള കാടുകയറിയ ഒരു സ്ഥലത്തുനിന്നാണ് ഇത് കണ്ടെത്തുന്നത്. സിആർപിഎഫ് ബറ്റാലിയൻ ആസ്ഥാനവും എസ്എസ്ബി കേന്ദ്രവും ഈ സ്ഥലത്തിന് സമീപമാണ് സ്ഥിതി ചെയ്യുന്നത്. അതിനാൽ തന്നെ പ്രദേശം വലിയ ജാഗ്രതയിലാണുള്ളത്.

## ജില്ലാ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സഹ. സംഘം വാർഷിക പൊതുയോഗം

തൃശൂർ: തൃശൂർ ജില്ലാ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് കോഓപറേറ്റീവ് സൊസൈറ്റിയുടെ ഇരുപത്തൊന്നാം വാർഷിക പൊതുയോഗം ശക്തൻ നഗറിലെ ഐഎംഎ ഹാളിൽ പ്രസിഡന്റ് തിമത്തിയോസ് ലാസറിന്റെ അധ്യക്ഷതയിൽ ചേർന്നു. വൈസ് പ്രസിഡന്റ് റെജി ജോഷി, സെക്രട്ടറി ജയ് ജോൺ താഞ്ചൻ, ഡയറക്ടർമാരായ ഗീത കൃഷ്ണൻകുട്ടി, കെ.കെ. സന്തോഷ് എന്നിവർ പ്രസംഗിച്ചു.

## കോടതി പരസ്യം

**ബഹു. തൃശൂർ MACT മുമ്പാകെ**

EP: 135/2025

OP(MV): 47/2015

Oriental Insurance Co. Ltd., Thrissur

-വിധി ഉടമ

1) Suhara, W/o. Ali, Kuruppamveettil House, Vadanappilly Desom, Vadanappilly Village, Thrissur Dt. Pin-680614

2) Shahina, D/o. Ali, Kuruppamveettil House, Vadanappilly Desom, Vadanappilly Village, Thrissur Dt. Pin-680614

- വിധി കടക്കാർ

മേൽ നമ്പ്രിലെ വിധി കടക്കാർക്കുള്ള നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ കൽപ്പിച്ച് മേൽ നമ്പർ കേസ് **20-01-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ളതാകുന്നു. ടി കാര്യത്തിൽ എന്തെങ്കിലും ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ബോധിപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിങ്ങ ളെ കൂടാതെ മേൽ നമ്പർ കേസ് തീർപ്പ് തീർപ്പ് കല്പിക്കുന്നതാണെന്നുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 19-12-2025

വിധി ഉടമഭാഗം അഡ്വക്കെറ്റ്

**പി ഒ ബോണി** (ഒപ്പ്)

INVEST KERALA GLOBAL SUMMIT
വ്യവസായ വാണിജ്യ വകുപ്പ് കേരള സർക്കാർ
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് കേരള സർക്കാർ

10 മാസം
104 നിക്ഷേപ പദ്ധതികൾക്ക് തുടക്കം
₹35,463 കോടിയുടെ നിക്ഷേപം
50,483 തൊഴിലവസരങ്ങൾ



IKGS 2025ൽ ലഭിച്ചത് ₹1,81,209 കോടിയുടെ നിക്ഷേപ വാഗ്ദാനങ്ങൾ.
പ്രതീക്ഷിക്കുന്ന തൊഴിലവസരങ്ങൾ 4,97,800.

നേട്ടങ്ങൾക്ക് കരുത്തേകിയ പ്രവർത്തനങ്ങൾ

| കെ-സ്വിഫ്റ്റ് അപ്ഗ്രേഡുകൾ | 40ലധികം മേഖലാതല യോഗങ്ങൾ | 100ലധികം ഇൻവെസ്റ്റർ പിച്ചുകൾ | 10ലധികം നയ ഭേദഗതികൾ | കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് | ജില്ലാതല നിക്ഷേപ സഹായ സമിതി | പ്രതിജ്ഞാബദ്ധരായ പ്രൊജക്ട് ഓഫീസർമാർ | ബി.ആർ.എ.പി. 99.3% കൈവരിച്ചു | സംരംഭകത്വവും എം.എസ്.എം.ഇ. ആനുകൂല്യങ്ങളും | പ്രൊജക്റ്റുകൾക്ക് സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും | ഐ.ടി. ഇന്നവേഷൻ മേഖലകളുടെ ശാക്തീകരണം | നൈപുണ്യ വികസനം | സുസ്ഥിരതയ്ക്കും ഗവേഷണത്തിനുമുള്ള ആനുകൂല്യങ്ങൾ | കാര്യക്ഷമമായ ഭരണവും കൂട്ടായ പ്രവർത്തനവും | നിക്ഷേപക സമ്പർക്കം | ഓരോ നിക്ഷേപകനും ഓരോ നോഡൽ ഓഫീസർ

നിർമ്മാണം തുടങ്ങിയ 104 നിക്ഷേപ പദ്ധതികൾ

Hilite Group, BPCL, BPCL- Palakkad, Dynimated, KXAN Technologies Pvt Ltd, KEF Hospitality India Pvt. Ltd., Adani Logistics Park, Gasha Steels Pvt. Ltd., Boby Chemmannur International, BMH Care Hospitals, Kalyan Silks Trichur Pvt Ltd, NRI Project Management India PVT Ltd, KMCT Group of Institutions, Joy Alukkas Group, Avalon International Conventional Center LLP, Welcare Hospital, KGA International Trades Pvt Ltd, M5 Green Private Limited, WGH Group, Alliance Developers & Projects, Avigna Jeya Pvt Ltd, CCJ Oneinfra LLP, Dr. K M Cherian Institute of Medical Science, Krishna Institute of Medical Sciences, KMCT Group of Institutions, KMCT Group of Institutions, Hotel Indraprastha, Jacob and Richard Pvt Ltd, Krishnakala Institute of Medical Science LLP-KKIMS Group, New Rajasthan Marbles, Meditrina Hospital Group, RCC Nutrafill Private Limited, NDR Space Private Limited, Geojit Financial Services Pvt Ltd, Vinvish Technologies Pvt Ltd, SFO Technologies, Kalidasa Hotels Pvt Ltd, Haims Ventures LLP, NAILAH CHIP BOARDS PRIVATE LIMITED, Digital Bridge, International Education and Research LLP, Alfas Wood Product Pvt Ltd, Sanchari Oceanic Pvt Ltd, Hortus Ventures Pvt Ltd, Stork Foods Pvt Ltd, Shree Shivam Ecoboard Pvt Ltd, Life Infusion Pharmaceuticals Pvt Ltd, Silver Storm Amusement Parks Pvt Ltd, Systrome Networks India Pvt Ltd, Sance Sterile Pvt Ltd, Innovative Marine Products, Lord's 83 Holidays LLP, Muralya Dairy Products Private Limited, Meatin Farms & Foods LLP, Wood Alliance Park, Laminar Laminates Pvt Ltd, Hotel Crown Regency, Ivani Industries, Positive Chip Boards India Pvt Ltd, Blue Bay, Secugreen Projects Pvt Ltd, Pilotsmith (India) Pvt Ltd, Bakemill Foods, IITD, HYKON India Ltd, Portico Park LLP, Oraizan Logistics LLP, Dr. K M Cherian Institute of Medical Science, APTIV Connection, Systems India Pvt Ltd, K M Food Products, Aamro Dairies Pvt Ltd, Sapphire Club, G Vein Meditech India Pvt Ltd, Greenvein Health Care Pvt Ltd, Insha Food Products, RWDI Consulting Engineers India Pvt Ltd, Hailstone Innovations, Ayilyam Hotels Pvt Ltd, Hilums (save a Watt/save a lot), Saly Projects Pvt Ltd, K Ozone Panels LLP, Sterimed Kochi Pvt Ltd, Plantrich Agritech Pvt Ltd, Nata Nutrico Food Products LLP, Delta Aggregates & Sand Pvt Ltd, Blitz Paints Pvt Ltd, Karthika Foods & Trades, St. Marys Rubbers Pvt Ltd, BRMSCO Garments Pvt Ltd, Kalyan Ply & Boards, Artiron Furniture Manufacturing, Nearbymart Hyper Market, Aqoza Technologies Pvt Ltd, Anna Aluminium Pvt Ltd, Tomatrix Technologies, SOUTHERN MOULDING COMPONENTS, IBAT Accounting & Taxation Training Institute, Kunnathan Chip Boards Pvt Ltd, VKC Polymers, Skylark Plastics, Narakkode Aqua Pvt Ltd, SB Bakes, Nawras Technologies, Sketch & Frame Builders & Interiors, Sagar Poly Products, Elan.